സിനിമ

രാമനാട്ടുകര

സുരഭി
ONLINE RESERVATION: WWW.JUSTICKETS.IN
Red ruby(Screen 1)
- ▶ മേരി ആവാസ് സുനോ
- ▶ 11.00am,4.15pm,9.30pm.
- ▶ CBI5 (6.30pm)
- ▶ K.G.F2 (1.15pm)

Blue pearl (Screen 2
- ▶ ജനഗണമന (11.00am,4.30pm,10.00pm)
- ▶ ജോ&ജോ (2.00pm,7.30pm)

കോട്ടക്കൽ

ലീന
Screen1:
- ▶ ജന ഗണ മന (11.00am,2.30pm,6.00pm,, 9.15pm)

Screen2:
- ▶ KGF2(Mal) (11.00am)
- ▶ മേരി ആവാസ് സുനോ (2.30pm,6.00pm, 9.15pm)

തിരൂർ

സെൻടൽ
- ▶ കെജിഎഫ് (11.30, 2.30)
- ▶ ബീസ്റ്റ് (6.15, 9.15)

തുഞ്ചൻ ഉത്സവത്തിൽ ഗായകൻ ഷബീർ അലി ഗസൽ അവതരിപ്പിക്കുന്നു

എടപ്പാളിൽ 'ഞങ്ങളും കൃഷിയിലേക്ക്'

എടപ്പാൾ

ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ എടപ്പാൾ പഞ്ചായത്തുതല ഉദ്ഘാടനം കോലൊളമ്പ് തിരുത്തുമ്മലിൽ പ്രസിഡന്റ് സി വി സുബൈദ നിർവഹിച്ചു.

എ കുമാരൻ അധ്യക്ഷനായി. പഞ്ചായത്തംഗം സി വി ദേവദാസ്, അഡ്വ. അബ്ദുറഹിമാൻ, ദ്വാരകനാഥൻ, ഇബ്രാഹിം തലമുണ്ട എന്നിവർ സംസാരിച്ചു.

കൃഷി ഓഫീസർ എം വി വിനയൻ സ്വാഗതം പറഞ്ഞു.

■ നിർമാണ പ്രദേശം എംഎൽഎ സന്ദർശിച്ചു

വെളിയങ്കോട് ലോക്ക് കം ബ്രിഡ്ജ് പദ്ധതി ഉടൻ

അപ്രോച്ച് റോഡുൾപ്പെടെ 43.97 കോടിയുടെ പദ്ധതി

പൊന്നാനി

വെളിയങ്കോട് ലോക്ക് കം ബ്രിഡ്ജ് നിർമാണം ആരംഭിക്കുന്നതിന്റെ മുന്നോടിയായി പി നന്ദകുമാർ എംഎൽഎയുടെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമടങ്ങുന്ന സംഘം പദ്ധതിപ്രദേശം സന്ദർശിച്ചു. വെളിയങ്കോടിന്റെ ഗതാഗതത്തിനും കാർഷിക മേഖലക്കും കുടിവെള്ളത്തിനും ഗുണകരമാകുന്ന പദ്ധതി അടുത്ത മാസത്തോടെ ആരംഭിക്കുമെന്ന് എംഎൽഎ പറഞ്ഞു. ലോക്ക് കം ബ്രിഡ്ജും അപ്രോച്ച് റോഡും ഉൾപ്പെടെ രണ്ട് ഘട്ടങ്ങളിലായി 43.97 കോടിയുടെ പദ്ധതിയാണ് നടപ്പാക്കുന്നത്. ഇതിൽ ടെൻഡർ നടപടി പൂർത്തിയായ ബ്രിഡ്ജും ലോക്കും ഇലക്ട്രിക്കൽ വർക്കുമായി 29.87 കോടിയുടെ നിർമാണമാണ് ആദ്യഘട്ടം പൂർത്തീകരിക്കുക. അപ്രോച്ച് റോഡിനായി 14.1 കോടിയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കാസർകോട് എംഎസ് ബിൽഡേഴ്സിനാണ് നിർമാണച്ചുമതല. നബാർഡിന്റെ 28.37 കോടിയും ബാക്കി സംസ്ഥാന വിഹിതവും ചേർത്താണ് പദ്ധതി നടപ്പാക്കുക. പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഇ സിന്ധു, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ പി അജയൻ, താജുന്നീസ, ഇറിഗേഷൻ അസി. എക്സിക്യൂട്ടീവ് എൻജിനിയർ സുരേഷ് കുമാർ, എ ഇ മുനീർ, എംഎസ് ബിൽഡേഴ്സ് എംഡി ഹക്കീം കാസർകോട്, സിപിഐ എം ജില്ലാ സെക്രട്ടറിയറ്റംഗം അഡ്വ. പി കെ ഖലീമുദ്ദീൻ എന്നിവർ കൂടെയുണ്ടായി.

വെളിയങ്കോട് ലോക്ക് കം ബ്രിഡ്ജ് നിർമാണ പദ്ധതി പ്രദേശം പി നന്ദകുമാർ എംഎൽഎ സന്ദർശിക്കുന്നു

കെഎസ് കെടിയു കൺവൻഷൻ

കെഎസ് കെടിയു പൊന്നാനി ഏരിയാ കൺവൻഷൻ ജില്ലാ സെക്രട്ടറി ഇ ജയൻ ഉദ്ഘാടനം ഉദ്ഘാടനംചെയ്യുന്നു

പൊന്നാനി

ഇന്ധന വിലവർധന നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാവണമെന്ന് കെഎസ് കെടിയു പൊന്നാനി ഏരിയാ കൺവൻഷൻ ആവശ്യപ്പെട്ടു. കുറ്റിക്കാട് എൻജിഒ ഹാളിൽ യൂണിയൻ ജില്ലാ സെക്രട്ടറി ഇ ജയൻ ഉദ്ഘാടനംചെയ്തു. ഏരിയാ പ്രസിഡന്റ് പി ശശി അധ്യക്ഷനായി. ഏരിയാ സെക്രട്ടറി കെ ഗോപിദാസ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പി ടി സുരേഷ്, കെ പി ശ്യാമള, കെ പി രാജൻ എന്നിവർ സംസാരിച്ചു.

മഴ: ജംബോ സർക്കസ് ഉദ്ഘാടനം മാറ്റി

എടപ്പാൾ

പട്ടാമ്പി റോഡിൽ (സഫാരി ഗ്രൗണ്ടിൽ) വെള്ളിമുതൽ തുടങ്ങാനിരുന്ന ജംബോ സർക്കസ് പ്രദർശന ഉദ്ഘാടനം മഴയെ തുടർന്ന് ശനിയാഴ്ചയിലേക്ക് മാറ്റിയതായി സംഘാടകർ അറിയിച്ചു. ശനി രാത്രി ഏഴിനാണ് ഉദ്ഘാടന പ്രദർശനം. ഞായർമുതൽ പകൽ ഒന്ന്, വൈകിട്ട് നാല്, രാത്രി ഏഴ് എന്നീ സമയങ്ങളിലാണ് പ്രദർശനം.

ഭക്ഷ്യവിൽപ്പനശാലകളിൽ പരിശോധന

കേടായ പാൽ, ബിസ്ക്കറ്റ്, കേക്കുകൾ എന്നിവ പിടിച്ചെടുത്തു

വേങ്ങര

കുന്നുംപുറം, കൊടുവായൂർ, കൊളപ്പുറം എന്നിവിടങ്ങളിലെ ഭക്ഷ്യവിൽപ്പന ശാലകളിൽ പരിശോധന. എആർ നഗർ കുടുംബാരോഗ്യ കേന്ദ്രത്തിലെ പൊതുജനാരോഗ്യ വിഭാഗം ഹോട്ടൽ, ബേക്കറി, മീൻ, ഇറച്ചിക്കടകൾ എന്നിവിടങ്ങളിലാണ് പരിശോധന നടത്തിയത്. പാൽ, ബിസ്ക്കറ്റ്, കേക്കുകൾ തുടങ്ങിയവ പിടിച്ചെടുത്ത് നശിപ്പിച്ചു.

മത്സ്യ വിൽപ്പനശാലകൾ, ടയർ കടകൾ എന്നിവയ്ക്ക് നോട്ടീസ് നൽകി. ഹെൽത്ത് ഇൻസ്പെക്ടർ ടി മുഹമ്മദ് ഫൈസൽ, സി കെ നാസർ അഹമ്മദ്, എം ജിജിമോൾ, സി രഞ്ജു എന്നിവർ പരിശോധകസംഘത്തിലുണ്ടായി.

എ ആർ നഗർ കുടുംബാരോഗ്യ കേന്ദ്രത്തിലെ പൊതുജനാരോഗ്യ വിഭാഗം പിടിച്ചെടുത്ത ഭക്ഷ്യവസ്തുക്കൾ

ഹോട്ടലുകളിൽനിന്ന് പഴകിയ ഭക്ഷണം പിടികൂടി

വളാഞ്ചേരിയിൽ ഹോട്ടലുകളിൽ പരിശോധന നടത്തുന്നു

ഒരു ഹോട്ടൽ പൂട്ടി

വളാഞ്ചേരി

വളാഞ്ചേരി നഗരസഭാ പരിധിയിലെ ഹോട്ടലുകളിൽ നടത്തിയ പരിശോധനകളിൽ പഴകിയ ഭക്ഷണസാധനങ്ങൾ പിടിച്ചെടുത്തു.

നഗരസഭാ ഹെൽത്ത് ഇൻസ്പെക്ടർ ടി പി മുഹമ്മദ് അഷറഫിന്റെ നേതൃത്വത്തിലായിരുന്നു പരിശോധന. അഞ്ച് ഹോട്ടലുകളിൽനിന്ന് പഴകിയ ഭക്ഷണം പിടിച്ചെടുത്തു. ഈ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. കോഴിക്കോട് റോഡിൽ സ്ഥിതിചെയ്യുന്ന ക്രൗൺ ഫാമിലി റെസ്റ്റോറന്റ് അടച്ചുപൂട്ടി. ജെഎച്ച് ഐമാരായ ഡി വി ബിന്ദു, കെ കെ അഷറഫ് എന്നിവർ പങ്കെടുത്തു.

സി എം അബ്ദുറഹ്മാൻ സ്മാരക പുരസ്കാരം സെബി മാളിയേക്കലിന്

തിരൂർ

വെട്ടം ആലിശ്ശേരി പി പി അബ്ദുള്ളക്കുട്ടി സ്മാരക വായനശാലയുടെ സി എം അബ്ദുറഹ്മാൻ മാധ്യമ അവാർഡ് ദീപിക ലേഖകൻ സെബി മാളിയേക്കലിന്. പതിനായിരം രൂപയും ശിൽപ്പവുമടങ്ങുന്നതാണ് പുരസ്കാരം. സൺഡേ ദീപികയിൽ 2020 മെയ് 31ന് പ്രസിദ്ധീകരിച്ച 'വിലയായി കൊടുത്തത് രണ്ടു കാലുകൾ' ഫീച്ചറിനാണ് പുരസ്കാരം. ദേശാഭിമാനി മുൻ സീനിയർ ന്യൂസ് എഡിറ്റർ കോയ മുഹമ്മദ് ചെയർമാനും അഡ്വ. രാജേഷ് പുതുക്കാട്, മുരളീധരൻ എന്നിവർ അംഗങ്ങളുമായതാണ് ജൂറി. കോവിഡ് സാഹചര്യങ്ങളാൽ ദൃശ്യമാധ്യമ പ്രവർത്തകർക്കുള്ള അവാർഡ് തീരുമാനിക്കാനായില്ലെന്ന് സംഘാടക സമിതി ചെയർമാൻ അഡ്വ. പി ഹംസക്കുട്ടി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

വാർഷികാഘോഷം നാളെ

താനൂർ

ഒഴൂർ സി പി പോക്കർ ഹാജി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിന്റെ 40ാം വാർഷികാഘോഷം ശനിയാഴ്ച മന്ത്രി വി അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്യുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. എ പി അനിൽകുമാർ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ റഫീഖ എന്നിവർ മുഖ്യാതിഥികളാകും. അധ്യാപകരെ ആദരിക്കൽ, ഗുരു ശിഷ്യ സംഗമം, വിവിധ പദ്ധതികളുടെ ഉദ്ഘാടനം എന്നിവ നടക്കും. സമാപനത്തിൽ സിനിമ പിന്നണി ഗായകൻ എടപ്പാൾ വിശ്വൻ നയിക്കുന്ന ഇശൽസന്ധ്യ അരങ്ങേറും. വാർഷികാഘോഷത്തോടനുബന്ധിച്ചുള്ള 'നാൽപ്പതോർമ' സപ്ലിമെന്റ് സ്കൂൾ പിടിഎ പ്രസിഡന്റ് സലാം മണ്ണാരക്കൽ താനൂർ പ്രസ് ക്ലബ് സെക്രട്ടറി പ്രേമനാഥൻ താനൂരിന് നൽകി പ്രകാശിപ്പിച്ചു. പ്രിൻസിപ്പൽ ഹനീഫ തെയ്യൻ, മനേജർ സി പി കുഞ്ഞുട്ടി, കെ സുകുമാരൻ, കെ ടി ഇസ്മായിൽ, ഇ പി മുജീബ്, സി കെ മുത്തു, ശ്രീകുമാർ, സി പി ജെയ്സൽ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

പൂർവ വിദ്യാർഥി സംഗമം

വളാഞ്ചേരി

മാറാക്കര വിവിഎംഎച്ച്എസ്എസ് 1980 എസ്എസ്എൽസി ബാച്ചിന്റെ സംഗമം ശനി രാവിലെ 10 മുതൽ കാടാമ്പുഴ എയുപി സ്കൂളിൽ നടത്തുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. പരിപാടിയിൽ ഗുരുനാഥന്മാരെ ആദരിക്കും. വാർത്താ സമ്മേളനത്തിൽ ടി മൊയ്തീൻകുഞ്ഞി, പി എം ജയശ്രീ, ഇ എസ് വിനോദ്, എം പി സുരേന്ദ്രൻ, എം നളിനി, സി മുഹമ്മദാലി എന്നിവർ പങ്കെടുത്തു.

അനുസ്മരിച്ചു

പൊന്നാനി

പൊന്നാനിയിൽ കമ്യൂണിസ്റ്റ് പാർടി കെട്ടിപ്പടുക്കാൻ പ്രയത്നിച്ച ബി മൊയ്തീന്റെ പതിനെട്ടാം സ്മരണദിനം ആചരിച്ചു. സിഐടിയു ജില്ലാ വൈസ് പ്രസിഡന്റ് ഇ വി മോഹനൻ ഉദ്ഘാടനംചെയ്തു. ബി മൊയ്തീൻ സ്മാരക പഠന കേന്ദ്രം അഡ്വ. എം കെ സുരേഷ് ബാബു ഉദ്ഘാടനം ചെയ്തു. വി എസ് സുധർമൻ അധ്യക്ഷനായി. ഫാത്തിമ്മ, സാദിക്ക് സാഗോസ് എന്നിവർ സംസാരിച്ചു.

തേരേറ്റ് കായൽ ബണ്ടിന് കയർഭൂവസ്ത്രം

എടപ്പാൾ

പഞ്ചായത്തിലെ അയിലക്കാട് തേരേറ്റ് കായൽ ബണ്ട് കയർഭൂവസ്ത്രം വിരിച്ച് ബലപ്പെടുത്തുന്ന പ്രവൃത്തി ആരംഭിച്ചു. പഞ്ചായത്ത് പ്രസിഡന്റ് സി വി സുബൈദ ഉദ്ഘാടനംചെയ്തു. വൈസ് പ്രസിഡന്റ് കെ പ്രഭാകരൻ അധ്യക്ഷനായി.

എൻആർഇജി അസി. എൻജിനിയർ സുധീപ് മോഹൻ റിപ്പോർട്ട് അവതരിപ്പിച്ചു. ക്ഷമാ റഫീഖ്, ഇ പി നവാസ്, കൃഷി ഓഫീസർ വിനയൻ, തേരേറ്റ് കായൽ കോൾ കമ്മിറ്റി പ്രസിഡന്റ് കെ വി സെക്കീർ, എഡിസി അംഗം ഹസൻ, ഹൈദരലി എന്നിവർ സംസാരിച്ചു. പഞ്ചായത്തംഗം അഫീഫ നവാസ് സ്വാഗതവും ഓവർസീയർ അനൂപ് നന്ദിയും പറഞ്ഞു.

തേരേറ്റ് കായൽ ബണ്ട് കയർഭൂവസ്ത്രം വിരിക്കൽ സി വി സുബൈദ ഉദ്ഘാടനംചെയ്യുന്നു

ബൈക്ക് മോഷണംപോയി

താനൂർ

വീട്ടിൽ നിർത്തിയിട്ടിരുന്ന ബൈക്ക് മോഷണംപോയി. കെഎൽ 55 വൈ 6826 നമ്പർ ബുള്ളറ്റാണ് വ്യാഴാഴ്ച പുലർച്ചെ ചിറക്കലിലെ വീട്ടിൽനിന്ന് മോഷണംപോയത്. ബൈക്ക് ഉടമ സുജിത്ത് താനൂർ പൊലീസിൽ പരാതി നൽകി. അന്വേഷണം ശക്തമാക്കിയതായി പൊലീസ് അറിയിച്ചു.

ലഹരിക്കെതിരെ വരക്കൂട്ടവുമായി പരിഷത്ത്

വളാഞ്ചേരി

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് ജില്ലാ സമ്മേളന ഭാഗമായി കുറ്റിപ്പുറം നടുവട്ടം അങ്ങാടിയിൽ ലഹരിക്കെതിരെ വരക്കൂട്ടായ്മ സംഘടിപ്പിച്ചു. എസ്ഇആർടി റിസർച്ച് ഓഫീസറായിരുന്ന പി ബഷീർ ഉദ്ഘാടനംചെയ്തു. വി രാജലക്ഷ്മി, കെ അംബുജം, ടി കോമളം, പി വിജയകൃഷ്ണൻ, പി രമേഷ് കുമാർ, എ മോഹൻദാസ് എന്നിവർ സംസാരിച്ചു. എ ഉദയകുമാർ സ്വാഗതവും പി സി ബഷീർ നന്ദിയും പറഞ്ഞു. കൂട്ടായ്മയിൽ ബസന്ത് പാറോൽ, അനന്തൻ ലയ, പി കെ ഷിജിൽ, അഭിമന്യു, സുധീഷ് കുമാർ, എൻ പി വേലായുധൻ എന്നിവർക്കൊപ്പം കുറ്റിപ്പുറം മേഖലയിലെ ഇരുപത് കുട്ടിച്ചിത്രകാരൻമാരും ചിത്രകാരികളും പങ്കെടുത്തു.

ജനറൽ ബോഡി

തിരൂർ

കേരളാ പൊലീസ് പെൻഷനേഴ്സ് ചാരിറ്റബിൾ സൊസൈറ്റിയുടെ ഏഴാം വാർഷിക ജനറൽ ബോഡി തിരൂർ സ്കൗട്ട് ഹാളിൽ ചേർന്നു. റിട്ട. എസ്പി പി രാജു ഉദ്ഘാടനംചെയ്തു. പ്രസിഡന്റ് നടരാജൻ അധ്യക്ഷനായി. 2022–23 വർഷത്തേക്കുള്ള ഭരണസമിതിയെ തെരഞ്ഞെടുത്തു. ഭാരവാഹികൾ: വി സി രവീന്ദ്രൻ (പ്രസിഡന്റ്), ഇ സോമസുന്ദരൻ (ജനറൽ സെക്രട്ടറി), ടി പി ദാമോദരൻ (ട്രഷറർ).

ബാലസംഘം വേനൽതുമ്പി പരിശീലന ക്യാമ്പ് തുടങ്ങി

ബാലസംഘം തിരൂരങ്ങാടി ഏരിയാ വേനൽതുമ്പി പരിശീലന ക്യാമ്പ് ഇ നരേന്ദ്രദേവ് ഉദ്ഘാടനംചെയ്യുന്നു

പരപ്പനങ്ങാടി

ബാലസംഘം തിരൂരങ്ങാടി ഏരിയാ വേനൽതുമ്പി പരിശീലന ക്യാമ്പ് നെടുവ തിരിച്ചിലങ്ങാടിയിൽ സിപിഐ എം എരിയാ സെക്രട്ടറി ഇ നരേന്ദ്രദേവ് ഉദ്ഘാടനംചെയ്തു. ഏരിയാ സെക്രട്ടറി കെ ശ്രീരാഗ് അധ്യക്ഷനായി.

സിപിഐ എം ഏരിയാ കമ്മിറ്റിയംഗം ടി പ്രഭാകരൻ, ബാലസംഘം സംസ്ഥാന കമ്മിറ്റിയംഗം പി മീനാറാണി, ക്യാമ്പ് പരിശീലകരായ അഞ്ജലി കൃഷ്ണ, കപ്പേള സിനിമയുടെ തിരകഥാകൃത്ത് നിഖിൽ എന്നിവർ സംസാരിച്ചു. ക്യാമ്പ് 15ന് സമാപിക്കും.

പി പി രാജേഷ് അനുസ്മരണം ഇന്ന്

പെരുവള്ളൂർ

പി പി രാജേഷ് അനുസ്മരണവും റെക്കോർഡിങ് ആൻഡ് എഡിറ്റിങ് സ്റ്റുഡിയോ ഉദ്ഘാടനവും വെള്ളിയാഴ്ച പകൽ മൂന്നിന് പെരുവള്ളൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ. കലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. എം കെ ജയരാജ് ഉദ്ഘാടനംചെയ്യും.

ലോഗോ ക്ഷണിച്ചു

താനൂർ

കാട്ടിലങ്ങാടി ഗവ. ഹയർ സെക്കൻഡറി സ്കൂൾ നൂറാം വാർഷികാഘോഷ പരിപാടിക്ക് ലോഗോ ക്ഷണിച്ചു. 20ന് വൈകിട്ട് അഞ്ചിന് മുമ്പ് സ്കൂൾ ഓഫീസിൽ ലഭിക്കണം. ഫോൺ: 8606765203, 9544337859.

യുവ ശാസ്ത്രജ്ഞയാവാനൊരുങ്ങി ഹിബ ഫാത്തിമ

വളാഞ്ചേരി

ഹിബ ഫാത്തിമ

ഐഎസ്ആർഒ സ്കൂൾ കുട്ടികൾക്കായി സംഘടിപ്പിക്കുന്ന 'യങ് സയന്റിസ്റ്റ്' പരിപാടിയിൽ ഇടംനേടി കടകശേരി ഐഡിയൽ ഇംഗ്ലീഷ് സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥി ഹിബ ഫാത്തിമ. ഈ വർഷം പത്താം ക്ലാസിലേക്ക് പ്രവേശനം ലഭിച്ച രാജ്യത്തെ 150 വിദ്യാർഥികൾക്കാണ് പരിപാടിയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്. ഇതിൽ കേരളത്തിൽനിന്നുള്ള മൂന്നുപേരിൽ ഒരാളാണ് ഹിബ ഫാത്തിമ.

ശാസ്ത്ര സാങ്കേതികരംഗത്തെ പുതിയ കണ്ടെത്തലുകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐഎസ്ആർഒ 'യുവിക 2022 ' പേരിൽ പരിപാടി സംഘടിപ്പിക്കുന്നത്. ഐസ്ആർഒ നടത്തുന്ന പ്രവേശന പരീക്ഷയിൽ കിട്ടുന്ന മാർക്ക്, സ്കൂൾ പരീക്ഷയിൽ കിട്ടുന്ന മാർക്ക്, സ്കൗട്ട് ആൻഡ് ഗൈഡ്സ്, എസ്പിസി, എൻഎസ്എസ്, റെഡ് ക്രോസ്, സ്പോർട്സ്, സയൻസ് ഫെയർ, ഒളിമ്പ്യാട് എക്സാം തുടങ്ങിയ മേഖലകളിൽ ലഭിച്ച മാർക്ക് എന്നിവ പരിഗണിച്ചാണ് പരിപാടിയിലേക്ക് വിദ്യാർഥികളെ തെരഞ്ഞെടുക്കുന്നത്. സെലക്ഷൻ ലഭിച്ചവർക്ക് ശ്രീഹരിക്കോട്ടയിലെ സധീഷ് ധവാൻ സ്പേസ് സെന്റർ സന്ദർശിക്കാനും ഐഎസ്ആർഒ ചെയർമാനുമായി സംവദിക്കാനും അവസരം ലഭിക്കും. 15 മുതൽ മുപ്പതുവരെ തിരുവനന്തപുരം ഐഎസ്ആർഒ കേന്ദ്രത്തിൽ നടക്കുന്ന പരിപാടിയിലെ യാത്ര, താമസം, ഭക്ഷണം എന്നിവയടക്കമുള്ള ചെലവുകൾ പൂർണമായും സർക്കാറാണ് വഹിക്കുക. മദിരശേരിയിൽ താമസിക്കുന്ന ഐഡിയൽ സ്കൂളിലെ അറബിക് വിഭാഗം മേധാവി ഉമർ പുനത്തിലിന്റെയും വെളിയങ്കോട് എംടിഎം കോളേജ് ജീവനക്കാരി സജ്‌ലയുടെയും മകളാണ് ഹിബ ഫാത്തിമ. സഹോദരൻ: മുഹമ്മദ് അഫ്റസ്.

അധ്യാപക നിയമനം

മലപ്പുറം

മഞ്ചേരി നെല്ലിക്കുത്ത് ജിവിഎച്ച്എസ് സ്കൂളിൽ പിടിഎയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ പ്രൈമറി ക്ലാസുകളിലേക്ക് അധ്യാപകരെ നിയമിക്കും. താൽപ്പര്യമുള്ള ഉദ്യോഗാർഥികൾ അസൽ രേഖകൾ സഹിതം തിങ്കൾ പകൽ രണ്ടിന് സ്കൂളിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം.

പൊന്നാനി

പൊന്നാനി എം ഇ എസ് കോളേജിൽ മലയാളം വിഷയത്തിന് അതിഥി അധ്യാപകരെ നിയമിക്കുന്നു. ഉദ്യോഗാർഥികൾ 20ന് മുമ്പായി കോളേജ് വെബ്സൈറ്റ് (www.mesponnanicollege.ac.in) മുഖാന്തരം അപേക്ഷിക്കണം.

മതിൽ ഇടിഞ്ഞുവീണ് വീട് തകർന്നു

വളാഞ്ചേരി

പുത്തനത്താണി ചുങ്കത്ത് വീടിന് മുകളിൽ മതിൽ ഇടിഞ്ഞുവീണ് അപകടം. വീട്ടുകാർ രക്ഷപ്പെട്ടത് തലനാരിഴക്ക്. ചുങ്കം സ്വദേശി കടലായി അൻവറിന്റെ വീടാണ് തകർന്നത്.

വീടിന്റെ അടുക്കള ഭാഗം പൂർണമായും തകർന്നു. ബുധനാഴ്ച രാത്രിയാണ് സംഭവം.

ഓട്ടോകൾ കൂട്ടിയിടിച്ച് 7 പേർക്ക് പരിക്ക്

കക്കാട് ദേശീയ പാതയിൽ ഓട്ടോറിക്ഷകൾ കൂട്ടിയിടിച്ചുണ്ടായ അപകടം

തിരൂരങ്ങാടി

കക്കാട് ദേശീയപാതയിൽ മൂന്ന് ഓട്ടോ കൂട്ടിയിടിച്ച് ഏഴ് പേർക്ക് പരിക്കേറ്റു. വ്യാഴാഴ്ച രാവിലെ ഒമ്പതോടെയാണ് അപകടം. ഓട്ടോ ഡ്രൈവർമാരായ വെന്നിയൂർ ചെമ്പയിൽ മുസ്തഫ (40), പെരിഞ്ചേരി ഇളയിട്ട വീട്ടിൽ ശബീഹുദ്ദീൻ (21), കച്ചേരിപ്പടി അഞ്ചുകണ്ടൻ മുജീബ് റഹ്മാൻ (33), ചെമ്പയിൽ ഫർദാൻ (15), ഇളയിട്ട് വീട്ടിൽ ഹാജറ (42), സഹോദരി ഫെമിന (16), തെന്നല ബഷീർ (35) എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ തിരൂരങ്ങാടി സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

വിദ്യാഭ്യാസ വാർത്ത

ട്രേഡ് ടെസ്റ്റ് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷ: ഐഡിഐകളിൽ ബന്ധപ്പെടണം

തിരുവനന്തപുരം

സെമസ്റ്റർ സമ്പ്രദായത്തിൽ 2014 മുതൽ 2017 വരെ പ്രവേശനം നേടിയവരിൽ ഇനിയും അഖിലേന്ത്യ ട്രേഡ് ടെസ്റ്റ് സപ്ളിമെന്ററി പരീക്ഷ എഴുതാനുള്ള ടെയിനികൾ 16 ന് മുമ്പായി അവരവരുടെ ഐടി ഐകളുമായി ബന്ധപ്പെടണം. 2014 ൽ പ്രവേശനം നേടിയ ടെയിനികളിൽ മൂന്ന്, നാല് സെമസ്റ്ററുകൾ എഴുതാൻ ഉള്ളവർക്ക് മാത്രമാണ് ഇനിയും അവസരം ലഭിക്കുക. 2015 മുതൽ 2017 വരെ പ്രവേശനം നേടിയ ടെയിനികൾക്ക് എല്ലാ സെമസ്റ്ററും എഴുതാൻ അവസരം ലഭിക്കുമെന്ന് അഡീഷണൽ ഡയറക്ടർ ഓഫ് ടെയിനിങ് അറിയിച്ചു.

ഹയർ സെക്കൻഡറി സ്വയം പഠന സഹായികളുടെ വിതരണം തുടങ്ങി

തിരുവനന്തപുരം

സ്കോൾ കേരള മലയാളത്തിലേക്ക് വിവർത്തനം ചെയ്ത സ്വയം പഠന സഹായികളുടെ വിൽപ്പന ആരംഭിച്ചു. ഹയർ സെക്കൻഡറി ഒന്നും രണ്ടും വർഷ വിദ്യാർഥികൾക്കുള്ള പഠന സഹായികളാണിത്. തിരുവനന്തപുരം ചാല ഗവ. തമിഴ് ഹയർ സെക്കൻഡറി സ്കൂളിലെ ഓഫീസിൽ ലഭ്യമാണ്. www.scolekerala.org വെബ്സൈറ്റ് മുഖേന ഓഫ് ലൈനായും ഓൺ ലൈനായും പുസ്തക വില അടച്ച് ചെലാൻ ഹാജരാക്കണം. വിശദവിവരങ്ങൾക്ക് ഫോൺ: 0471 2572990, 9895527970

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാത്തമാറ്റിക്സ്: അപേക്ഷ ക്ഷണിച്ചു

ഭുവനേശ്വർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാത്തമാറ്റിക്സ് ആൻഡ് ആപ്ലിക്കേഷൻസ് വിവിധ യുജി, പിജി പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി: ജൂൺ 17. പ്രവേശനപരീക്ഷയുണ്ട്. വിവരങ്ങൾക്ക് https://iomaorissa.ac.in/admissions

കലിക്കറ്റ്

www.universityofcalicut.info

പരീക്ഷ

ഒന്നാം സെമസ്റ്റർ എംഎസ്സി സ്റ്റാറ്റിസ്റ്റിക്സ് നവംബർ 2021 സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ് പരീക്ഷ 23, 25 തീയതികളിൽ സർവകലാശാലാ സ്റ്റാറ്റിസ്റ്റിക്സ് പഠനവിഭാഗത്തിൽ നടക്കും.

മൂന്നാം സെമസ്റ്റർ എംബിഎ ഹെൽത്ത് കെയർ മാനേജ്മെന്റ്, ഇന്റർനാഷണൽ ഫിനാൻസ് ജനുവരി 2022 പരീക്ഷകൾ 24ന് തുടങ്ങും.

പരീക്ഷാ ഫലം

പത്താം സെമസ്റ്റർ ബിബിഎ എൽഎൽബി, ആറാം സെമസ്റ്റർ എൽഎൽബി യൂണിറ്ററി നവംബർ 2021 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 31വരെ ഓൺലൈനായി അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ എംഎസ്സി കംപ്യൂട്ടർ സയൻസ്, അപ്ലൈഡ് സുവോളജി ഏപ്രിൽ 2021 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 24വരെ ഓൺലൈനായി അപേക്ഷിക്കാം.

ബിവോക് ഫുഡ് സയൻസ് ഏപ്രിൽ 2019 രണ്ടാം സെമസ്റ്റർ, ഏപ്രിൽ 2020 നാലാം സെമസ്റ്റർ, നവംബർ 2020 അഞ്ചാം സെമസ്റ്റർ, ഏപ്രിൽ 2021 ആറാം സെമസ്റ്റർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പരീക്ഷാ അപേക്ഷ

ആറാം സെമസ്റ്റർ ബിവോക് ഏപ്രിൽ 2022 റഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ് പരീക്ഷകൾക്കും ഏപ്രിൽ 2020, ഏപ്രിൽ 2021 സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ് പരീക്ഷകൾക്കും പിഴകൂടാതെ 24വരെയും 170 രൂപ പിഴയോടെ 27വരെയും ഓൺലൈനായി അപേക്ഷിക്കാം.